**<u>വിവരാവകാശം / മറുപടി</u>**

നമ്പർ: D5-2088/2018

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 15.02.2018.

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
തിരുവനന്തപുരം.

ശ്രീമതി. ഷീന ബിജുകുമാർ
TC 17/1411-7, KNRA-44
കൈലാസ് ലെയിന്, Opp.പൂജപ്പുര പോലീസ് സ്റ്റേഷൻ,
പൂജപ്പുര പി.ഒ, തിരുവനന്തപുരം.

മാഡം,

വിഷയം: സാ.നീതി വകുപ്പ് - സാമൂഹ്യനീതി ഡയറക്ടറേറ്റ് - വിവരാവകാശം 2005 പ്രകാരം മറുപടി നൽകുന്നത് - സംബന്ധിച്ച്-

സൂചന: 19.01.18ലെ ശ്രീമതി. ഷീന ബിജുകുമാറിന്റെ വിവരാവകാശ പ്രകാരമുള്ള അപേക്ഷ.

താങ്കളുടെ വിവരാവകാശം 2005 പ്രകാരമുള്ള ചോദ്യങ്ങൾക്കുള്ള മറുപടി ചുവടെ ചേർക്കുന്നു.

**ചോദ്യം -1**

a) കേരളത്തിൽ കുട്ടികൾക്കായി പ്രവർത്തിക്കുന്ന ട്രൈബൽ ഹോംസ് സംബന്ധിച്ച വിവരം കേരള പട്ടികജാതി - പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ശേഖരിക്കാവുന്നതാണ്.

b) ജുവനൈൽ ഹോം സംബന്ധിച്ച വിവരങ്ങൾ വനിതാ ശിശുവികസന വകുപ്പിൽ നിന്നും ശേഖരിക്കാവുന്നതാണ്.

c) കേരളത്തിൽ ചലനവൈകല്യം സംബന്ധിച്ച കുട്ടികൾക്കായി ഒരേയൊരു ഹോം മാത്രമേ പ്രവർത്തിക്കുന്നുള്ളു.

**ചോദ്യം - 2**

തിരുവനന്തപുരം, കോട്ടയം, വയനാട് ജില്ലകളിൽ നിലവിൽ കുട്ടികൾക്കായി പ്രവർത്തിക്കുന്നു.

a) ട്രൈബൽ ഹോംസ് സംബന്ധിച്ച വിവരം കേരള പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നും ശേഖരിക്കാവുന്നതാണ്.

b) ജുവനൈൽ ഹോംസ് സംബന്ധിച്ച വിവരം വനിതാ ശിശുവികസന വകുപ്പിൽ നിന്നും ശേഖരിക്കാവുന്നതാണ്.

*db@18*

c) ചലന വൈകല്യം സംഭവിച്ച കുട്ടികൾക്കായി മേൽ ജില്ലകളിൽ ഹോംസ് പ്രവർത്തിക്കുന്നില്ല. എന്നാൽ ഇത്തരം കുട്ടികൾക്കായി ആലപ്പുഴ ജില്ലയിൽ 'കെയർ ഹോം ഫോർ ഡിസേബിൾഡ് ചിൽഡ്രൻസ് (CHDC) എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്.

മേൽവിലാസം :- കെയർ ഹോം ഫോർ ഡിസേബിൾഡ് ചിൽഡ്രൻ
അലിശ്ശേരി വാർഡ്
സിവിൽ സ്റ്റേഷൻ പി.ഒ
ആലപ്പുഴ- 688001
ഫോൺ നം.: 0477-2251291.
mail id : chdcalpy@gmail.com

**ചോദ്യം - 3**

വിദ്യാഭ്യാസ സംബന്ധമായ ഉന്നമനത്തിനു വേണ്ടി

a) ട്രൈബൽ വിഭാഗത്തിലെ കുട്ടികൾക്കായുള്ള പദ്ധതികളെ സംബന്ധിച്ച വിവരം സംസ്ഥാന പട്ടികജാതി -പട്ടികവികസന വകുപ്പിൽ നിന്ന് ശേഖരിക്കാവുന്നതാണ്.

b) ചലനവൈകല്യം സംബന്ധിച്ച കുട്ടികൾക്കായി സാമൂഹ്യനീതി വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു

   i) ചലന വൈകല്യമുള്ള കുട്ടികളുടെ വിദ്യാഭ്യാസ സംബന്ധമായ ഉന്നമനത്തിനായി സ്കോളർഷിപ്പ്.

   ii) സാമ്പത്തികമായി പിന്നോക്കം നിൽകുന്ന അംഗപരിമിതരായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ, യൂണിഫോം എന്നിവയ്ക്കുള്ള ധനസഹായം നൽകുന്ന പദ്ധതിയായ 'വിദ്യാജ്യോതി'

   iii) ഡിഗ്രിയോ അതിനുമുകളിലോ പഠിക്കുന്ന പ്രൈവറ്റായി രജിസ്റ്റർ ചെയ്ത് ഓപ്പൺ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് ഒരു അധ്യായന വർഷത്തേയ്ക്ക് വിദൂര പഠനത്തിനുള്ള സ്കോളർഷിപ്പായി 10,000 (പതിനായിരം) രൂപ അനുവദിക്കുന്ന പദ്ധതി.

   iv) സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിയാത്ത ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് പത്താം ക്ലാസ്സ് / പന്ത്രണ്ടാം ക്ലാസ്സ് പരീക്ഷ എഴുതുന്നതിന് പരീഷ ഫീസ് - കോഴ്സ് ഫീസ് ഉൾപ്പെടെ ധനസഹായം നൽകുന്ന പദ്ധതി തുടങ്ങിയവ.

c) ജുവനൈൽ ഡെലിക്വന്റ് വിഭാഗത്തിലെ കുട്ടികൾക്കായുള്ള വിദ്യാഭ്യാസ ഉന്നമനത്തിനായുള്ള പദ്ധതികൾ വനിതാ ശിശുവികസന വകുപ്പിൽ നിന്നും ശേഖരിക്കാവുന്നതാണ്.

ചലന വൈകല്യം സംഭവിച്ച കുട്ടികൾക്കായുള്ള പദ്ധതികളുടെ വിശദവിവരങ്ങൾ ഉൾപ്പെടുന്ന പകർപ്പുകൾക്ക് പുറം ഒന്നിന് രണ്ട് രൂപാ നിരക്കിൽ മൂന്ന് പുറത്തിന് ആറു രൂപ ഒടുക്കി രസീത് ഹാജരാക്കേണ്ടതാണ്.

മേൽ മറുപടി തൃപ്തികരമല്ലായെങ്കിൽ അപ്പലേറ്റ് അതോറിറ്റിയ്ക്ക് 30 ദിവസത്തിനുള്ളിൽ അപ്പീൽസമർപ്പിക്കാവുന്നതാണ്.

അപ്പലേറ്റ് അതോറിറ്റിയുടെ മേൽവിലാസം ചുവടെ ചേർക്കുന്നു.

**അഡീഷണൽ ഡയറക്ടർ,**
സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ്ഭവൻ,
തിരുവനന്തപുരം
ഫോൺ : 0471-2306040
email: swdkerala@gmail.com

വിശ്വസ്തതയോടെ,

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

*db@18*